(ഐ) ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെ പുരോഗതിക്കും പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നിലവിലുള്ള ധനസഹായ പദ്ധതികളും സാങ്കേതിക സഹായങ്ങളും തുടർന്നും കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം

6 [2043] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിലെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകേണ്ട നിർബന്ധ പരിശീലനം മൂന്ന് വർഷങ്ങളായി മുടങ്ങിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ട്രെയിനിംഗ് നൽകിയിട്ടില്ലാത്തവർക്ക് അത് നൽകുന്നതിന് സർക്കാർ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസായ വകുപ്പിൽ പി.എസ്. സി. വഴിയും പ്രൊമോഷൻ വഴിയും വ്യവസായ വികസന ഓഫീസറന്മാരായി നിയമനം നൽകുന്നവർക്കാണ് സാധാരണ രീതിയിൽ 4½ മാസക്കാലം ദൈർഘ്യമുള്ള പരിശീലനം നൽകേണ്ടത് 2001 മുതൽ പി. എസ്. സി. വഴി വ്യവസായ വികസന ഓഫീസറന്മാരെ നിയമിക്കുന്നതിന് നിയമ നടപടികൾ മൂലം സാധിച്ചിട്ടില്ല. ആയതിനാൽ കഴിഞ്ഞ വർഷങ്ങളിൽ വ്യവസായ വികസന ഓഫീസറന്മാർക്ക് പരിശീലനം നൽകിയിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

ഫർണിച്ചർ വ്യവസായം സംരക്ഷിക്കുന്നതിന് നടപടി

7 [2044] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏറെ വികസന സാദ്ധ്യതയുള്ള ഫർണിച്ചർ വ്യവസായം സംരക്ഷിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കയറ്റുമതി സാദ്ധ്യതയുള്ള ഒരു വ്യവസായം എന്ന നിലയിൽ ഫർണിച്ചർ നിർമ്മാണത്തിന് പുതിയ സാങ്കേതിക വിദ്യയും, വൈദഗ്ദ്ധ്യവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചേർപ്പ് നിയോജകമണ്ഡലത്തിലെ ചെവ്വൂർ വില്ലേജ് ഫർണിച്ചർ നിർമ്മാണത്തിന്റെ കേന്ദ്രമാണെന്നത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ചെവ്വൂരിലെ ഫർണിച്ചർ നിർമ്മാണത്തിന് കൂടുതൽ പ്രോൽസാഹനവും സഹായവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ യും ബി യും) ചെറുകിട വ്യവസായങ്ങൾക്ക് നൽകുന്ന 10% മൂലധന നിക്ഷേപ സബ്സിഡിയും, മാർജിൻ മണി വായ്പയും ഫർണിച്ചർ വ്യവസായ യൂണിറ്റുകൾക്കും നൽകി വരുന്നു. ക്ലസ്റ്റർ ഡവലപ്മെന്റ് പദ്ധതി പ്രകാരം പുതിയ സാങ്കേതിക വിദ്യയും വൈദഗ്ദ്ധ്യവും ഫർണിച്ചർ വ്യവസായങ്ങൾക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ഫർണിച്ചറിന്റെ വിപണനത്തിനായി സിഡ്കോ വഴി ആവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചെവ്വൂരും പരിസരപ്രദേശങ്ങളിലുമുള്ള ഏകദേശം 300 ഓളം ഫർണിച്ചർ വ്യവസായ യൂണിറ്റുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ക്ലസ്റ്റർ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിൽ റബ്ബർത്തടി ഉപയോഗിച്ച് ഫർണീച്ചർ ഉണ്ടാക്കുന്ന പ്രോജക്ട്

8 [2045] ശ്രീ. കെ. എൻ. എ. ഖാദർ :

,, ഇസ്ഹാക് കുരിക്കൾ :

,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-ൽ മലപ്പുറം ജില്ലയിലെ വണ്ടൂർ പഞ്ചായത്തിൽപ്പെട്ട വാണിയമ്പലത്തെ പൊതുമേഖലാ സ്ഥാപനമായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിന്റെ ആഭിമുഖ്യത്തിൽ റബ്ബർത്തടി രാസപ്രക്രിയയിലൂടെ ഹാർഡ് വുഡ് ആക്കി വീട് പണിത്തരങ്ങളും ഫർണീച്ചറുകളും ഉണ്ടാക്കുന്ന ഒരു സ്ഥാപനം ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നോ ;

(ബി) സ്ഥല പരിശോധന നടത്തുകയും ആർ. സി. ചൗധരിയുടെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം രണ്ട് കോടി രൂപയുടെ പ്രോജക്ട് അംഗീകരിക്കുകയും ആദ്യപടിയായി സ്ഥലവും കെട്ടിടവും യന്ത്രസാമഗ്രികളും ഒരുക്കാൻ 80 ലക്ഷം രൂപ റിലീസ് ചെയ്യാൻ ഉത്തരവ് നൽകുകയും ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(സി) 1996 ഫെബ്രുവരി 19-ന് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത് കാരണം പദ്ധതി തൽക്കാലം നിർത്തിവയ്ക്കുകയും തെരഞ്ഞെടുപ്പിന് ശേഷം വന്ന സംസ്ഥാന സർക്കാർ പദ്ധതി മാറ്റിവയ്ക്കുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly